## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2489.** **09.03.2018 ൽ മറുപടിയ്ക്ക്**

### മയക്കമരുന്ന് കേസുകളിലെ പ്രതികളുടെ അന്താരാഷ്ട്ര ബന്ധം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിൽ 2018 ജനവരി 1 നും ഫെബ്രുവരി 15 നും ഇടയിൽ എത്ര വൻകിട മയക്കമരുന്ന് കേസുകൾ പിടിക്കപ്പെട്ടുവെന്നും ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന മയക്കമരുന്നുകൾ പിടിച്ചെടുത്തുവെന്നും എത്ര പേർക്കെതിരെ കേസെടുത്തുവെന്നും വിശദമാക്കുമോ; | (എ) | 2018 ജനുവരി 1 നും ഫെബ്രുവരി 15 നും ഇടയിൽ എക്സൈസ് വകുപ്പ് 93 വൻകിട മയക്ക്മരുന്ന് കേസ്സുകൾ കണ്ടുപിടിച്ചു. ടി കേസ്സുകളിലായി 127.13 കി.ഗ്രാം കഞ്ചാവ്, കഞ്ചാവ് ചെടി-4 എണ്ണം, 5.021 കി.ഗ്രാം എം.ഡി.എം.എ, 294 നൈട്രസെപാം ഗുളികകൾ, 16 ഗ്രാം ബ്രൗൺഷുഗർ, 654.12 ഗ്രാം ഹാഷിഷ് ഓയിൽ, 95 അൽപ്രാസോളാം ഗുളിക, 180 ഗ്രാം എൽ.എസ്.ഡി. എന്നിവ പിടിച്ചെടുത്തു. പ്രസ്തുത കേസ്സുകളിൽ 94 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | അന്താരാഷ്ട്ര മയക്കമരുന്ന് കടത്തിന്റെ പ്രധാന കേന്ദ്രമായി നെടുമ്പാശ്ശേരി വിമാനത്താവളം മാറുന്നുവെന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ ഇവിടെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | വിമാനത്താവളം വഴിയുള്ള ലഹരി പദാർത്ഥങ്ങളുടെ കടത്ത് പിടിച്ചെടുക്കുന്നതിന് വിമാനത്താവളങ്ങളുടെ സമീപമുള്ള റോഡുകളിലും ദേശീയ പാതകളിലും ശക്തമായ വാഹന പരിശോധന നടത്തി വരുന്നുണ്ട്. ഇതിനായി എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും, ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നു. കൂടാതെ കേന്ദ്ര/സംസ്ഥാന ഏജൻസികളുമായി ചേർന്ന് സംയുക്ത പരിശോധനകളും രഹസ്യവിവരങ്ങൾ പരസ്പരം പങ്കുവയ്ക്കലും നടത്തി വരുന്നുണ്ട്. |
| (സി) | മയക്കമരുന്ന് കേസുകളിലെ പ്രതികളുടെ അന്താരാഷ്ട്ര ബന്ധം പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ? | (സി) | പ്രതികളുടെ അന്താരാഷ്ട്ര ബന്ധം അന്വേഷണ ഉദ്യോഗസ്ഥർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ